LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യാലിറ്റി കേഡർ തസ്തികയിലുള്ള ഡോക്ടർമാരുടെ കുറവ്

89 (796) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം രാമറാവു മെമ്മോറിയൽ താലൂക്കാശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ തസ്തികയിലുള്ള ഡോക്ടർമാരുടെ കുറവ് പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത ആവശ്യം പരിഗണിച്ച് ഡോക്ടർന്മാരുടെ പുതിയ തസ്തിക അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ; എത്രയും പെട്ടെന്ന് തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ലഭിച്ചിരുന്നു. ടി ആവശ്യത്തിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ നൽകിയ പ്രൊപ്പോസൽ 23013/എം1/14 ആകുവ നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

90 (797) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണ ജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ താറുമാറായിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അഭാവം കാരണം കൂടുതൽ സമയവും അടഞ്ഞുകിടക്കുന്ന പി.എച്ച്.സി.-കളെ പ്രവർത്തന ക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്റ്റാഫ് നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ക്ലാർക്കുമാരുടെയും അഭാവം ശ്രദ്ധയിൽപ്പെട്ട ചില പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ദേശീയ ആരോഗ്യ ദൗത്യം വഴി പരമാവധി ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും സർക്കാർ/വകുപ്പുതല നടപടി സ്വീകരിച്ചു വരുന്നുണ്ട്.